# WHAT DO YOU THINK ABOUT CHRIST?

# ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

ABD - UL - MASIH

*Published by*
**CALL OF HOPE**
P.B. No. 45
Kayamkulam - 690 502 - Kerala

**WHAT DO YOU THINK ABOUT CHRIST?**
(Malayalam)

by
ABD-UL-MASIH

2005

10,000 Copies

Published by
**CALL OF HOPE**
P.B. No. 45
Kayamkulam - 690 502 - Kerala.

All rights strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

Price Rs. 3.00

Printed at
P.P. George & Sons,
Angamaly - 683 572
Ph: 0484 - 2456719

# ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

### ക്രിസ്തുവിന്റെ അത്ഭുതകരമായ ജനനത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

ക്രിസ്തുവിനെപ്പോലെ ആരും ഇതുവരെ ഈ ലോകത്തിൽ ജനിച്ചിട്ടില്ല. കാരണം, അവൻ മറിയയുടെ മകനാണ്. യിശ്മായേൽ അബ്രഹാമിന്റെ മകനും, യോഹന്നാൻ സെഖര്യാവിന്റെ മകനും, മുഹമ്മദ് അബ്ദുള്ളയുടെ മകനും ആണെന്ന് വിളിക്കപ്പെടുന്നു. അങ്ങനെ എല്ലാ മനുഷ്യർക്കും, തങ്ങളുടെ പിതാക്കന്മാരിൽ നിന്നുമാണ്, തങ്ങളുടെ പേരുകൾ പിന്തുടർച്ചയായി ലഭിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ പേരുമാത്രം തന്റെ മാതാവിനോട് ചേർത്തു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്? കാരണം മറ്റു മനുഷ്യരെപ്പോലെ ക്രിസ്തുവിന് ഒരു ലൗകിക പിതാവുണ്ടായിരുന്നില്ല. അവൻ ഒരു കന്യകയിൽ നിന്നു ഭൂജാതനായി. ദൈവിക ശക്തിയിലും അവന്റെ നിത്യമായ ഉദ്ദേശ്യത്തിലും ആശ്രയിച്ചിരിക്കുന്നതാണ് ക്രിസ്തുവിന്റെ ജനനം.

ക്രിസ്തുവിന്റെ ജനനത്തിന് 700 വർഷങ്ങൾക്കു മുമ്പ്, അവന്റെ ജനനം എപ്രകാരമായിരിക്കുമെന്ന് യെശയ്യാപ്രവാചകൻ പ്രവചിച്ചിട്ടുണ്ട്; “കന്യക ഗർഭിണിയായി ഒരു മകനെ

പ്രസവിക്കും; അവന് ഇമ്മാനുവേൽ (അതായത് ദൈവം ന മ്മോടുകൂടെ) എന്നു പേർ വിളിക്കും" (യെശയ്യാവ് 7:14). ദൈവം വിശ്വസ്തനും നീതിമാനുമാകയാൽ അവൻ തൻെറ വാഗ്ദാനം നിവർത്തിച്ചു. അവന് അസാദ്ധ്യമായത് ഒന്നുമില്ല.

ക്രിസ്തു ദൈവവചനമാണെന്ന് (കലീമത്തുല്ല) നിങ്ങൾക്ക് അറിയാമോ? അക്കാര്യം പ്രഖ്യാപിക്കുന്ന ദൈവനിശ്വസ്തമായ സുവിശേഷഭാഗം വായിക്കുക; "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു..... വചനം ജഡമായിത്തീർന്നു.... നമ്മുടെ ഇടയിൽ പാർത്തു" (യോഹന്നാൻ 1:1,14). ദൈവത്തിൻെറ വിശുദ്ധവചനത്തിൽ കൂടി പ്രവർത്തനനിരതമായിരുന്ന അവൻെറ സൃഷ്ടിപരമായ ശക്തി മുഴുവൻ, വചനമായ ക്രിസ്തുവിൽ സംയോജിച്ചിരിക്കുന്നു. അവൻെറ ജനനത്തെ ചുറ്റിപ്പറ്റിയുള്ള സംഭവ പരമ്പരകളെക്കുറിച്ച് ധ്യാനിക്കുമെങ്കിൽ, നിങ്ങൾ അത്ഭുതപരതന്ത്രനായിത്തീരും. കാരണം ഈ ഭൂമിയിൽ ജനിച്ചിട്ടുള്ള യാതൊരു മനുഷ്യനും മറിയയുടെ പുത്രനെപ്പോലെ ജനിച്ചതല്ല. അവനോടു തുലനം ചെയ്യാവുന്നവരായി ആരുമില്ല. അവൻ തൻെറ ജനനത്തിൽ നിസ്തുല്യനാണ്.

ദൈവം ആദാമിനെ നിർമ്മിച്ചതു മണ്ണുകൊണ്ടാണെന്ന് നിങ്ങൾ അറിയുന്നുണ്ടോ? നാമെല്ലാവരും ആദാമിൻെറ മക്കളാണ്. പ്രവാചകന്മാർപോലും ഈ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടവരാണ്. നാമെല്ലാവരും താഴെ നിന്നുള്ള മണ്മയന്മാരാണ്. എന്നാൽ ക്രിസ്തു ഉയരത്തിൽ നിന്നുള്ളവനാണ്. അവൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നവനാണ്. അവൻ നിർമ്മലനും, പാപരഹിതനും, വിശുദ്ധനും, മഞ്ഞുകട്ടയേക്കാൾ വെണ്മയേറിയവനുമാകുന്നു. എന്നാൽ നാമെല്ലാവരും കുറ്റമുള്ളവരും, മാലിന്യമുള്ളവരും, പാപപൂർണ്ണരുമാണ്; കാരണം നാം ഈ ഭൂമിയിൽ നിന്നുമുള്ളവരാണ്. ദൈവാത്മാവിനാൽ ജനിച്ചവരുമല്ല.



"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു" എന്നുള്ള ഒരു പ്രത്യേക പദപ്രയോഗം നാം ബൈബിളിൽ വായിക്കുന്നു. നാമെല്ലാവരും ഭൗമികമായി ജനിച്ചവരാകയാൽ, ക്രിസ്തുവിൻെറ സ്ഥാനം ഏറ്റെടുക്കുവാൻ ഒരു മനുഷ്യനെക്കൊണ്ടും സാദ്ധ്യമല്ല. എന്നാൽ അവൻ ദൈവാത്മാവിനാൽ ഭൂമിയിൽ ജനിച്ചവനാണ്. ചിന്താകുലരായ നമ്മെ അവൻ നിരസിക്കയില്ല. തൻെറ രക്ഷണ്യവേലയ്ക്കു മുമ്പുതന്നെ അവൻ നമ്മെ തിരഞ്ഞെടുത്തിരിക്കയാണ്. ശാപം നിറഞ്ഞ നമ്മുടെ ഈ ഭൂമിയിലേക്ക് അവൻ ഇറങ്ങിവന്നത് മണ്മയരായ നമ്മെ വീണ്ടെടുത്തു ശുദ്ധീകരിക്കുവാനാണ്. ആകയാൽ ക്രിസ്തുവിൻെറ അത്ഭുതകരമായ ജനനം നിമിത്തം ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

*******

## ക്രിസ്തുവിൻെറ പാപരഹിതമായ അവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

ദൈവാത്മാവിനാലാണ് ക്രിസ്തു ജനിച്ചത്. അവൻെറ ജനനം മുതൽ തന്നെ അവർ പാപരഹിതനും വിശുദ്ധനും ആയിരുന്നു. അവൻ പാപം ചെയ്തിട്ടില്ല. ഒരിക്കലുമില്ല. അവൻെറ ജീവിതത്തിൽ ഒരിക്കലും ഒരു തെറ്റ് സംഭവിച്ചിട്ടില്ല. നാം ചെയ്യുന്നതുപോലെ അവൻ ഒരിക്കലും ക്ഷമയ്ക്കുവേണ്ടി ദൈവത്തോട് അപേക്ഷിച്ചിട്ടില്ല. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയേണ്ടതാണ്. അല്ലെങ്കിൽ നാം ദൈവത്തെയും നമ്മെത്തന്നെയും വഞ്ചിക്കുകയാണ്. പ്രവാചകനായ ദാവീദ് ക്ഷമയ്ക്കായി കണ്ണുനീരോടെ അപേക്ഷിച്ചു. ദൈവത്തിൻെറ സ്നേഹിതനായ അബ്രഹാമും അപ്രകാരം തന്നെ ചെയ്തു. എന്നാൽ ബൈബിളോ, ഖുറാനോ നിങ്ങൾ പരിശോധിച്ചാൽ ക്രിസ്തു ഒരിക്കൽ പോലും ക്ഷമയ്ക്കുവേണ്ടി അപേക്ഷിച്ചതായി ഒരു വാക്യമോ, ഒരു സൂചനപോലുമോ അവിടെയെങ്ങും നിങ്ങൾ കാണുകയില്ല.

ക്രിസ്തു ദോഷരഹിതനാകയാൽ അവന് ശുദ്ധീകരണമോ നീതീകരണമോ ആവശ്യമില്ല. അവൻ തൻെറ ശത്രുക്കളോട് ഒരിക്കൽ പരസ്യമായി ചോദിച്ചു. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു" (യോഹന്നാൻ 8:46). എന്നാൽ അവൻെറ വാക്കുകളിലോ പ്രവൃത്തികളിലോ ഒരു കുറ്റവും ആരോപിക്കുവാൻ അവരിൽ ആർക്കും കഴിഞ്ഞില്ല. മാത്രമല്ല, റോമൻ ഭരണാധികാരിയുടെ മുമ്പിൽ വെച്ചുള്ള അവൻെറ ഒടുവിലത്തെ വിസ്താരത്തിൽപോലും, നിയമപരമായി തന്നെ ഇപ്രകാരം മൂന്നു പ്രാവശ്യം ഏറ്റുപറയുവാൻ ആ ന്യായാധിപൻ നിർബന്ധിതനായിത്തീർന്നു. "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" (യോഹ. 18:38; 19:4,6).



അതിനേക്കാൾ ഉപരിയായി, അശുദ്ധാത്മാവ് ബാധിച്ച ഒരു മനുഷ്യൻ യേശുവിൻെറ ആഗമനത്തിങ്കൽ പരിഭ്രമചിത്തനായി നിലവിളിച്ചുംകൊണ്ട് ഇപ്രകാരം പറഞ്ഞു: "നസ്രായനായ യേശുവേ, ഞങ്ങളെ നശിപ്പിക്കാൻ നീ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു. ദൈവത്തിൻെറ പരിശുദ്ധൻ തന്നെ" (മർക്കോസ് 1:24) അങ്ങനെ ഇന്ന് ഈ ഭൂമിയിലും അന്ന് ന്യായവിധി നാളിലും ക്രിസ്തു നിർമ്മലനും വിശുദ്ധനും പൂർണ്ണനും ആണെന്ന് എല്ലാവർക്കും ബോദ്ധ്യമാകും. അവനെപ്പോലെ ഒരുത്തനും ഇല്ല; കാരണം അവൻ ഒഴികെ മറ്റെല്ലാവരും പാപം ചെയ്തു.

**ആകയാൽ**

# സ്നേഹം

**ന്യായപ്രമാണത്തിൻെറ നിവൃത്തി തന്നെ**

*(റോമർ 13:10)*

*******

## ക്രിസ്തുവിൻെറ ഉപദേശങ്ങളിൽ നിന്ന് നിങ്ങൾ അദ്ദേഹത്തെക്കുറിച്ച് എന്തു മനസ്സിലാക്കുന്നു?

നിത്യമായ ദൈവവചനത്താൽ എല്ലാ പ്രവാചകന്മാരും സന്ദേശവാഹകന്മാരും ദിവ്യപ്രചോദനം ലഭിച്ചവരാണ്. എന്നാൽ ക്രിസ്തു ആകട്ടെ സാരാംശത്തിൽ ദൈവവചനം തന്നെയാണ്. ദൈവത്തിൻെറ എല്ലാവിധ സൃഷ്ടിപ്പിൻെറയും സ്നേഹത്തിൻെറയും ശക്തി കേന്ദ്രീകരിച്ചിരിക്കുന്നത് ആ ദൈവവചനത്തിലാണ്. അവിടുന്ന് അരുളിച്ചെയ്യുക മാത്രമല്ല, അതിനനുസരിച്ച് ജീവിക്കുകയും ചെയ്തു. തൻെറ ജീവിതത്തിൽ ആന്തരികമായ അന്യോന്യം വൈരുദ്ധ്യമോ, വ്യക്തിത്വത്തിന്മേൽ ഏതെങ്കിലും പോറലിൻെറ ലാഞ്ചന പോലുമോ കാണുകയില്ല. അന്യോന്യം പൂരകങ്ങളായ അവൻെറ വാക്കുകളിലും പ്രവൃത്തികളിലും ദൈവികശക്തി വ്യക്തമായി വെളിപ്പെട്ടിരിക്കുന്നു.

അനേക സന്ദർഭങ്ങളിൽ അവനെക്കുറിച്ച് താഴെ പറയുന്നതുപോലെയുള്ള അഭിപ്രായപ്രകടനങ്ങൾ ഉണ്ടായിട്ടുണ്ട്. "ഈ വചനങ്ങളെ യേശു പറഞ്ഞുതീർന്നപ്പോൾ, പുരുഷാരം അവൻെറ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്" (മത്തായി 7:28,29). അവൻെറ ശത്രുക്കൾ ഒരിക്കൽ തങ്ങളുടെ സേവകരെ അയച്ച് അവനെ പിടിക്കാൻ ശ്രമിച്ചപ്പോൾ, അവൻെറ വാക്കുകളാൽ ആ സേവകന്മാരുടെ ഹൃദയങ്ങൾക്ക് പരിവർത്തനം സംഭവിക്കുകയും, അവരുടെ മനസ്സാക്ഷി ചലിക്കുകയും ചെയ്തതിനാൽ, അവനെ സമീപിക്കുവാൻപോലും ധൈര്യപ്പെടാതെ അവരെ അയച്ചവരുടെ അടുക്കൽ മടങ്ങിച്ചെന്നു. അവനെ കൊണ്ടുവരാത്തതെന്ത്



എന്ന് അവരെ അയച്ചവർ ചോദിച്ചതിന് അവർ പറഞ്ഞ മറുപടി: "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല" എന്നായിരുന്നു (യോഹന്നാൻ 7:46).

വളരെ വിനയത്തോടും സൗമ്യതയോടുംകൂടി ക്രിസ്തു പറഞ്ഞിരിക്കുന്ന ചില വചനങ്ങൾ ശ്രദ്ധിക്കുക.

"ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവൻെറ വെളിച്ചമുള്ളവൻ ആകും." (യോഹന്നാൻ 8:12).

"ഞാൻ ജീവൻെറ അപ്പം ആകുന്നു. എൻെറ അടുക്കൽ വരുന്നവന് വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയുമില്ല" (യോഹന്നാൻ 6:35).

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ" (മത്തായി 5:44).

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരൻെറ കണ്ണിലെ കരടു നോക്കുന്നത് എന്ത്? അല്ല സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്, നിൽക്കൂ, നിൻെറ കണ്ണിൽ നിന്ന് കരട് എടുത്തുകളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്തക്കണ്ണിൽ നിന്ന് കോൽ എടുത്തു കളക; പിന്നെ സഹോദരൻെറ കണ്ണിൽ നിന്ന് കരട് എടുത്തുകളവാൻ വെടിപ്പായി കാണും." (മത്തായി 7: 1-5).

ഇതുപോലെ പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ മറ്റനേക വചനങ്ങളും ഉണ്ട്. ഈ മഹത് വചനങ്ങളെ നിങ്ങൾ ആഴമായി ചിന്തിക്കുമെങ്കിൽ, ക്രിസ്തു ലോകത്തിൻെറ വെളിച്ചമാണെന്നും, അവൻെറ വചനങ്ങളെ അനുസരിക്കുന്നവർക്ക് ദിവ്യ സമാധാനവും യഥാർത്ഥമായ ജീവിതവും ലഭിക്കുമെന്നും മനസ്സിലാക്കാവുന്നതാണ്.

ചന്ദ്രന്റെ മങ്ങിയ നിലാവെളിച്ചംപോലെ, മറ്റുള്ള പ്രവാചകന്മാർ എല്ലാം ദൈവികമായ അത്ഭുതപ്രകാശത്തിന്റെ ചെറിയ ഒരംശം മാത്രമേ, അന്ധകാരം നിറഞ്ഞ ഈ ഭൂമിക്ക് നല്കിയിട്ടുള്ളൂ. ചന്ദ്രക്കല പോലെ അവയെല്ലാം ക്ഷണികങ്ങളാണ്. എന്നാൽ ക്രിസ്തുവാകട്ടെ, ഉജ്ജ്വലപ്രഭയോടെ കത്തിജ്വലിക്കുന്ന മദ്ധ്യാഹ്ന സൂര്യൻ പോലെയാണ്. സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ പിന്നെ ചന്ദ്രനെ നമുക്ക് എങ്ങനെ പിന്തുടരുവാൻ കഴിയും? ക്രിസ്തുവാണ് യഥാർത്ഥ വെളിച്ചം. കാരണം അവൻ വെളിപ്പാട് പൂർത്തിയാക്കി; സ്നേഹത്തിന്റെ ഒരു പുതിയ നിയമം അവൻ പ്രഖ്യാപിച്ചു. അവൻ തന്നെയാണ് ജഡം എടുത്ത സ്നേഹം; അതുകൊണ്ട് ഇപ്രകാരം പറയുവാൻ അവൻ മാത്രം അർഹനാണ്; "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" ...... "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35, യോഹന്നാൻ 14:6).



* * * * * * *



അദ്ധ്വാനിക്കുന്നവരും
ഭാരം ചുമക്കുന്നവരും ആയുള്ളോരേ,
എല്ലാവരും

# എന്റെ അടുക്കൽ വരുവിൻ

## ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും

ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ
**നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും**

എന്റെ നുകം മൃദുവും എന്റെ
ചുമടു ലഘുവും ആകുന്നു
(മത്തായി 11: 28-30)

# ക്രിസ്തുവിൻെറ അധികാരത്തെക്കുറിച്ചു നിങ്ങൾക്ക് എന്തുതോന്നുന്നു?

വർണ്ണനാതീതമായ കഴിവുകൾ ക്രിസ്തുവിനുണ്ടായിരുന്നു എന്ന് അവൻെറ പ്രവർത്തനങ്ങളെക്കുറിച്ചു ചിന്തിക്കുന്ന ഒരുവന് ബോദ്ധ്യമാകുന്നതാണ്. കാരണം, സ്വർഗ്ഗീയമായ എല്ലാ അധികാരവും ശക്തിയും അതിൻെറ പൂർണ്ണതയിൽ ക്രിസ്തുവിന് ഉണ്ടായിരുന്നു. ദൈവിക വേലകളെ അവൻ പരസ്യമായി തന്നെ ചെയ്തു. അവൻ ചെയ്ത പ്രവൃത്തികളെ മറ്റാർക്കും ചെയ്യുവാൻ കഴിയുമായിരുന്നില്ല.

തൻെറ നാവിൽ നിന്നുമുള്ള ഒരു വാക്കിനാൽ അവൻ കുഷ്ഠരോഗികളെ സൗഖ്യമാക്കി. തൻെറ ദയയാൽ കുരുടൻെറ കണ്ണു തുറന്നു. അത്യുഗ്രമായ കൊടുങ്കാറ്റിനെ തൻെറ വാക്കുകളാൽ അവൻ ശാന്തമാക്കി. അശുദ്ധാത്മാക്കളെ അവൻ ശാസിച്ചു പുറത്താക്കി. വിശക്കുന്ന അയ്യായിരം ജനത്തെ അവൻ അഞ്ചപ്പവും രണ്ടു മീനും കൊണ്ട് സംതൃപ്തരാക്കി. അതിനുമുമ്പ് ഒരിക്കലും ആരും ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്തിട്ടില്ല. ചില പ്രവാചകന്മാർ വളരെ പരിമിതമായ ചില അത്ഭുതങ്ങൾ തങ്ങളുടെ ദൈവത്തിൻെറ നാമത്തിൽ ചെയ്തിട്ടുണ്ട്. എന്നാൽ ക്രിസ്തുവിൻെറ അത്ഭുതങ്ങൾ സ്വന്തനാമത്തിലും നിസ്തുല്യമായ അധികാരത്തിലുമാണ് ചെയ്തിട്ടുള്ളത്.

ഒരിക്കൽ ലാസർ എന്നുപേരുള്ള ഒരുവൻ ദീനം പിടിച്ച് കിടപ്പിലായി. അവൻെറ സഹോദരിമാർ സഹായത്തിനായി യേശുവിനെ വിവരം അറിയിച്ചു. അവൻ അവരുടെ ഗ്രാമത്തിൽ എത്തിയപ്പോൾ ലാസറിനെ കല്ലറയിൽ വച്ചിട്ടു നാലു ദിവസമായി എന്നു മനസ്സിലായി. പിന്നെ ക്രിസ്തു ലാ



സറിൻെറ കല്ലറയെ സമീപിച്ചു. "ലാസറെ പുറത്തു വരിക" എന്ന് അവൻ അധികാരത്തോടെ ഉറക്കെ വിളിച്ചു. ഹാ, എന്തൊരത്ഭുതം! മരിച്ചു നാറ്റം വച്ചുതുടങ്ങിയ ലാസർ ജീവനുള്ളവനായി പുറത്തുവന്നു.

ജീവൻ നൽകുന്ന അവൻെറ ദിവ്യശബ്ദം നിങ്ങളും കേൾക്കുമെങ്കിൽ, ആത്മാവിൽ മരിച്ചിരിക്കുന്ന നിങ്ങളും ജീവിപ്പിക്കപ്പെടും. കാരണം ക്രിസ്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" (യോഹന്നാൻ 11:25).

മരിച്ചവർ എല്ലാം അവൻെറ ശബ്ദം കേൾക്കുന്ന ഒരു ദിവസം വരും. നന്മ ചെയ്തവർ നിത്യജീവനായും, തിന്മ ചെയ്തവർ നിത്യശിക്ഷയ്ക്കായും ഉയിർപ്പിക്കപ്പെടുകയും ചെയ്യും. ഇന്നു നിങ്ങൾ ക്രിസ്തുവിൻെറ ശബ്ദം കേട്ട് നിങ്ങളുടെ ഹൃദയം അവന്നായി തുറന്നുകൊടുക്കുമെങ്കിൽ, അവൻെറ കൃപയാൽ നിങ്ങൾക്കും നിത്യജീവൻ പ്രാപിച്ച് അവനോടുകൂടെ എന്നുമെന്നും പാർക്കുവാൻ കഴിയും.



# ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

ക്രിസ്തു മരിച്ചു; അതു വാസ്തവവും സത്യവുമാണ്, വേദനാപൂർണ്ണമായ കഷ്ടാനുഭവങ്ങൾക്കു ശേഷമാണ് അവൻ മരിച്ചത്. ഏതുനിലയിലുള്ള മരണം താൻ അനുഭവിക്കേണ്ടി വരുമെന്ന് ക്രിസ്തു മുൻകൂട്ടി അറിഞ്ഞിരുന്നു. ഇക്കാര്യം അവൻ പരസ്യമായി പ്രവചിക്കുകയും ചെയ്തു.

എവിടെവച്ച് നിങ്ങൾ മരിക്കുമെന്ന് നിങ്ങൾക്ക് അറിയാമോ? അത് നിങ്ങളുടെ സ്വന്തം പട്ടണത്തിൽ വച്ചായിരിക്കുമോ, അതോ വഴിയാത്രയിലായിരിക്കുമോ? അതോ നിങ്ങളുടെ കിടക്കയിൽ വച്ചുതന്നെയായിരിക്കുമോ? നിങ്ങൾ ഒരു അപകടത്തിൽപ്പെട്ടു മരിക്കുമോ, അതോ നിങ്ങൾ സ്വാഭാവികമരണം മരിക്കുമോ? നിങ്ങൾ എത്രാമത്തെ വയസ്സിലായിരിക്കും മരിക്കുക? ഏതു മാസം ഏതു തീയതിയിലായിരിക്കും അതു നടക്കുക? നിങ്ങളുടെ മരണശേഷം നിങ്ങളുടെ ബന്ധുമിത്രാദികൾക്ക് എന്തു സംഭവിക്കും? മേൽപറഞ്ഞ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നിങ്ങൾക്കു പറയുവാൻ കഴിയുമോ?

നമ്മുടെ മരണത്തെക്കുറിച്ചു നമുക്കു യാതൊരു നിശ്ചയവുമില്ല. പ്രവാചകന്മാർക്കുപോലും തങ്ങളുടെ മരണസമയം നിശ്ചയമില്ലായിരുന്നു. എന്നാൽ ക്രിസ്തുവോ അക്കാര്യം നേരത്തെ അറിയുകയും മുൻകൂട്ടി പറയുകയും ചെയ്തു. യെഹൂദമതനേതാക്കന്മാരാലും പുറജാതികളായ റോമൻ ഭരണാധികാരികളാലും വിസ്തരിക്കപ്പെട്ടശേഷം താൻ യെരൂശലേമിൽവച്ച് മരിക്കുമെന്നു ക്രിസ്തു നേരത്തെ



തന്നെ പറഞ്ഞിരുന്നു. തൻെറ സ്വന്ത ഇഷ്ടപ്രകാരം ഏതു ദിവസം മരിക്കുമെന്ന് അവൻ അറിഞ്ഞിരുന്നു. ചൊരിയപ്പെട്ട രക്തം മൂലം ദൈവക്രോധം തങ്ങളുടെമേൽ വരാതിരിക്കുവാൻവേണ്ടി യഹൂദജനം ആടുകളെ യാഗം കഴിച്ചുപോന്ന ആ വലിയ പെസഹാപെരുന്നാൾ ദിവസത്തിലാണ് യേശു മരിക്കുവാൻ തീരുമാനിച്ചത്. അങ്ങനെ യേശു ലോകത്തിൻെറ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായി മരിച്ചു. അവൻ നമ്മുടെ എല്ലാ അകൃത്യങ്ങളെയും ചുമന്നുകൊണ്ട് കാൽവറിക്രൂശിൽ മരിച്ചതിനാൽ അവനിൽ വിശ്വസിക്കുന്ന ഓരോരുത്തനും ദൈവക്രോധത്തിൽ നിന്ന് വിടുതൽ ലഭിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ നിർമ്മലനായിത്തീരുകയും നിത്യതയ്ക്കായി നീതീകരിക്കപ്പെടുകയും ചെയ്യുന്നു.

ക്രിസ്തു തൻെറ മരണസമയത്തെപ്പറ്റിയും, ഏതു നിലയിൽ മരിക്കുമെന്നതിനെപറ്റിയും, തൻെറ മരണത്തിൻെറ അർത്ഥത്തെപ്പറ്റിയും മുൻകൂട്ടി പറഞ്ഞു എന്നുമാത്രമല്ല മരണത്തിനുശേഷം മൂന്നാംനാൾ താൻ ഉയിർക്കുമെന്നുംകൂടി തൻെറ ശിഷ്യന്മാർക്ക് അവൻ പരിപൂർണ്ണമായ ഉറപ്പു നൽകിയിരുന്നു. അവൻെറ മഹത്വപൂർണ്ണമായ ഉയിർപ്പിനെ തടയുവാൻ ഒരു ശക്തിക്കും കഴിഞ്ഞില്ല. അതു സത്യമായും സംഭവിക്കുകതന്നെ ചെയ്തു.

യേശു ഇപ്രകാരവും പറഞ്ഞിട്ടുണ്ട്. "ആരും എൻെറ ജീവനെ എന്നിൽ നിന്നും എടുത്തുകളയുന്നില്ല. ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്ക് അധികാരമുണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരമുണ്ട്" (യോഹന്നാൻ 10:18).

യാതൊരു മനുഷ്യനും അവൻ മരിക്കുന്ന സമയം അറിഞ്ഞുകൂട. വ്യക്തിപരമായ ഉയിർപ്പിനുള്ള അധികാരവും അവനില്ല. ലോകത്തിൻെറ പാപത്തെ ചുമന്നുകൊണ്ടാണ് ക്രിസ്തു മരിച്ചത്. നമ്മുടെ നീതീകരണത്തിനായി അവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ജീവൻ നൽകുന്നത്

അവൻ മാത്രമാണ്. തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും അവൻ തന്റെ ആത്മീയ ജീവൻ നൽകുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ ആരും ഈ ഭൂമിയിൽ മരിച്ചതിനുശേഷം ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തുവിന്റെ മരണം മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ്.

ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരും മറ്റു സന്ദേശവാഹകന്മാരും മരിച്ചു. അവരുടെ ഭൗതികാവശിഷ്ടങ്ങൾ തകർന്നു പൊടിഞ്ഞു അന്യോന്യം വേർപെട്ട് അവരുടെ കല്ലറകളിൽ തന്നെ ഇന്നും കിടക്കുന്നു. എന്നാൽ മരണത്തെ ജയിച്ച ജയവീരനായ ക്രിസ്തു ഇന്നുമെന്നും ജീവിക്കുന്നു.

ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തതിന്റെ അർത്ഥം എന്തെന്ന് നിങ്ങൾക്ക് അറിയാമോ? ഈ വലിയ സംഭവം മൂലം സർവ്വശക്തനായ ദൈവം, ക്രൂശിക്കപ്പെട്ട അവനെ സ്നേഹിക്കുന്നു എന്നും, ക്രൂശിന്മേലുള്ള അവന്റെ പരമയാഗം ലോകത്തിനുവേണ്ടി ദൈവം അംഗീകരിച്ചിരിക്കുന്നു എന്നും തെളിയിക്കയാണ് ചെയ്യുന്നത്.





## മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

ക്രിസ്തു വാസ്തവമായി മരിക്കുകയും, ഉറപ്പുള്ള പാറയിൽ വെട്ടിയിരുന്ന ഒരു കല്ലറയിൽ അവനെ സംസ്കരിക്കുകയും ചെയ്തു. അവന്റെ ശത്രുക്കൾ ആ കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ല് വയ്ക്കുകയും, അന്നത്തെലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യമായിരുന്ന റോമൻ ഭരണകൂടത്തിന്റെ മുദ്ര ആ കല്ലിന്മേൽ പതിക്കുകയും ചെയ്തു. അങ്ങനെ ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് അവന്റെ ശരീരം രാത്രിയിൽ മോഷ്ടിച്ചുകൊണ്ടു പോകുവാനുള്ള സാദ്ധ്യത പോലും ഇല്ലാതാക്കി. മാത്രമല്ല, ആയുധധാരികളായ റോമൻ പടയാളികൾ കല്ലറവാതില്ക്കൽ കാവൽ നില്ക്കുകയും ചെയ്തു.

പക്ഷേ മൂന്നാംദിവസം ക്രിസ്തു ഉയിർത്തെഴുന്നേല്ക്കുകയും ജയവീരനായി കല്ലറയ്ക്കു വെളിയിൽ വരികയും ചെയ്തു. ആ കല്ലറ ശൂന്യമായി കിടക്കുന്നത് അവന്റെ ശിഷ്യന്മാർ പിന്നീട് കാണുകയുണ്ടായി. അവർ അത്ഭുതപരതന്ത്രരാകുകയും ഭയപരവശരാകുകയും ചെയ്തു. ജീവനുള്ള ക്രിസ്തുവിനെ അവർ കണ്ടുമുട്ടിയപ്പോൾ, തങ്ങൾ ഒരു ഭൂതത്തെ കാണുന്നു എന്നു വിചാരിച്ച് അവർ ഭയവിഹ്വലരായി. എന്നാൽ അവൻ അവരോട് കരുണാമസൃണമായി സംസാരിച്ചു. തന്റെ കൈകളിലും കാലുകളിലുമുള്ള ആണിപ്പാടുകളെ അവൻ അവർക്ക് കാണിച്ചുകൊടുത്തു. താൻ വാസ്തവമായി ഉയിർത്തെഴുന്നേറ്റു എന്നും, തനിക്കു യഥാർത്ഥമായ ഒരു ശരീരമുണ്ടെന്നും അവർ അറിയേണ്ടതിനായി അവരുടെ മുമ്പിൽവെച്ച് അവൻ ഭക്ഷിക്കുകയും, തന്നെ തൊട്ടുനോക്കുവാൻ ക്രിസ്തു തന്റെ ശിഷ്യന്മാരെ അനുവദിക്കുകയും ചെയ്തു.

*******

# ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

ക്രിസ്തു സ്വർഗ്ഗത്തിലേക്കു കയറിപ്പോയതു ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുവാനാണെന്നു നിങ്ങൾക്ക് അറിയാമോ? ദൈവത്തോട് ഏറ്റവും അടുത്തിരിക്കുന്നത് അവനാണ്. അവനോടു തുല്യനായി മറ്റാരുമില്ല. അവൻ സ്വർഗ്ഗത്തിൽനിന്നും താണിറങ്ങി ഒരു മനുഷ്യവേഷം എടുത്തതുപോലെ തന്നെ, പാപത്തെയും, നരകദണ്ഡനത്തേയും, സാത്താനേയും തൻെറ മരണത്താൽ തോൽപ്പിച്ചതിനുശേഷം അവൻ സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോകയും ചെയ്തു.

അവൻെറ നാമത്തിൽ ദൈവത്തെ സമീപിക്കുന്ന എല്ലാവർക്കും ക്രിസ്തു വിശ്വസ്തനും ശക്തനുമായ മദ്ധ്യസ്ഥൻ ആണ്. അവൻെറ മദ്ധ്യസ്ഥതയിൽ വിശ്വസിക്കുന്ന എല്ലാവരും, പരിശുദ്ധാത്മാവിനാൽ ഹൃദയം നിറയപ്പെടുന്ന അനുഭവമുള്ളവരായിത്തീരുന്നു. അവരുടെ മനസ്സ് പുതുക്കം പ്രാപിക്കുകയും, തങ്ങളുടെ വിശുദ്ധ ജീവിതത്താൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ദിവ്യജീവൻ ലഭിച്ചവരായി വെളിപ്പെടുകയും ചെയ്യുന്നു. ജീവിക്കുന്ന ക്രിസ്തുവിനെയും അവൻെറ വീണ്ടെടുപ്പിൻ വേലയേയും നിങ്ങൾക്ക് അനുഭവിച്ചറിയണമെന്നുണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുകയും പരിശുദ്ധാത്മശക്തിക്കായി നിങ്ങളെത്തന്നെ വിധേയപ്പെടുത്തുകയും ചെയ്യുക. അങ്ങനെ വിശ്വാസത്താൽ ക്രിസ്തുവിനെ നിങ്ങൾക്കു കണ്ടെത്തുവാൻ കഴിയും. മാത്രമല്ല അവൻെറ ഹിതാനുസാരം, നിങ്ങളുടെ ജീവിതം ക്രമാനുഗതമായി അനുഗ്രഹപൂർണ്ണമായിത്തീരുകയും ചെയ്യും.



ക്രിസ്തുവിനെ നിരസിക്കുന്നവർ, ലോകത്തിൻെറ പാപപരിഹാരത്തിന്നായി അവനെ നിയോഗിച്ചയച്ച ദൈവത്തെ തന്നെ നിരസിക്കുകയാണ് ചെയ്യുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ദൈവത്തിൻെറ സമീപത്തേക്കു കരേറി ചെന്നപ്പോൾ, അവനെ സംബോധനചെയ്തുകൊണ്ട് ദൈവം പറഞ്ഞതായി ദാവീദു മുഖാന്തരം വെളിപ്പെടുത്തിയിരുന്ന പ്രവചനം നിവൃത്തിയായിത്തീർന്നു. അതായത്, “ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്ക” (സങ്കീർത്തനങ്ങൾ 110:1). ക്രിസ്തുവിൽ കൂടി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ദൈവസ്നേഹത്തെ നിരസിക്കുന്നവർ, സ്വയം കുറ്റം വിധിക്കപ്പെടുകയാണ് ചെയ്യുന്നത്. കാരണം, ദൈവത്തിൻെറ കൃപയെ നിരസിക്കുന്നവൻ, ദൈവത്തിൻെറ ഏകരക്ഷാമാർഗ്ഗത്തെ മനഃപൂർവ്വം നിരാകരിക്കുന്നതിനാൽ, ദൈവക്രോധത്തിൻ കീഴിൽ ആയിരിപ്പാൻ മാത്രം അർഹനാണ്.

ക്രിസ്തുവിൻെറ പുനരുത്ഥാനംവരെ മനുഷ്യൻെറ ഏറ്റവും വലിയ ശത്രു മരണമായിരുന്നു. എന്നാൽ ക്രിസ്തു മരണത്തെ തോൽപ്പിക്കുകയും ജീവനുള്ളവനായി വീണ്ടും വെളിപ്പെടുകയും ചെയ്തു. ഇനി ഒരിക്കലും അവൻ മരിക്കുകയില്ല. തിന്മയെ ജയിക്കുന്ന അവൻെറ പുനരുത്ഥാനശക്തിക്ക്, അവനിൽ വിശ്വസിക്കുന്ന ഓരോരുത്തനും ഓഹരിക്കാരനായിത്തീരുന്നതാണ്. ക്രിസ്തുവിൻെറ പുനരുത്ഥാനത്തിലുള്ള അനുഗ്രഹം എന്തെന്ന് നിങ്ങൾ മനസ്സിലാക്കിട്ടുണ്ടോ? അതു നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾത്തന്നെ അവനെ കൈക്കൊണ്ട് അതിനെ സ്വീകരിക്കുക.

* * * * * * *

## ക്രിസ്തു ഭൂമിയിലേക്കു മടങ്ങി വരുന്നു എന്നതിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു.

ക്രിസ്തു താൻതന്നെ സ്നേഹമാണ്. അവൻ എല്ലാ മനുഷ്യരേയും, വിശിഷ്യ, അവൻെറ സ്നേഹത്തിൻെറ ആത്മാവിൽ ജീവിക്കുന്നവരെതന്നെ സ്നേഹിക്കുന്നു. കാരണം, ക്രിസ്തുവിൽ ദൈവം അവരോടു ക്ഷമിച്ചതുപോലെ അവർ അന്യോന്യം സ്നേഹിക്കുന്നവരും ക്ഷമിക്കുന്നവരുമാണ്. നാം എല്ലാവരും എപ്പോഴും അവനോടുകൂടെ ആയിരിപ്പാൻ അവൻ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. തൻെറ മരണ പുനരുത്ഥാനങ്ങളെപ്പറ്റി അവൻ പ്രവചിച്ചതുപോലെ തന്നെ തൻെറ രണ്ടാം വരവിനെപ്പറ്റിയും ക്രിസ്തു വ്യക്തമായി പ്രവചിച്ചിട്ടുണ്ട്. ക്രിസ്തു എത്രയും വേഗം മഹത്വസമ്പൂർണ്ണനായി മടങ്ങിവരുമെന്ന് അറിയുന്നതിനാൽ വിശ്വാസികളായ എല്ലാവരും അവനെ എതിരേൽപ്പാൻ ഒരുങ്ങി കാത്തിരിക്കുന്നു. അവനെ അംഗീകരിക്കാത്ത കഠിനഹൃദയരായ മനുഷ്യരിൽനിന്നും, തൻെറ വീണ്ടെടുപ്പിൻ വേലയെ അംഗീകരിച്ചവരെ അവൻ വേർതിരിക്കും. കാരണം ആ കഠിനഹൃദയരായവർ, തങ്ങളുടെ പാപങ്ങളെ ഏറ്റുപറയാത്തവരും, ക്രിസ്തുവിൻെറ പാപക്ഷമയെ അംഗീകരിക്കാത്തവരുമാണ്. പ്രിയ സോദരാ, നിങ്ങൾ നിത്യമായ ന്യായവിധിയിലേക്കു വീഴാതിരിക്കുവാനായി ക്രിസ്തുവിനെ അംഗീകരിപ്പാൻ ബദ്ധപ്പെടുക. കാരണം വരുവാനുള്ള ദൈവക്രോധത്തിൽനിന്നു നിന്നെ വിടുവിക്കുവാൻ കഴിയുന്നവൻ ക്രിസ്തു മാത്രമാണ്.



എല്ലാ സത്യവിശ്വാസികളും ക്രിസ്തുവിൻെറ മടങ്ങിവരവിനെ നിരന്തരമായി ആകാംക്ഷാപൂർവ്വം ഉറ്റുനോക്കികൊണ്ടിരിക്കയാണ്. യെഹൂദന്മാരും മുസ്ലീംകളും പോലും അവൻ വേഗം വരുമെന്ന് അറിയുന്നുണ്ട്. ചില മനുഷ്യർ വിശ്വസിക്കുന്നത്, ക്രിസ്തു നാൽപ്പതു വർഷം ഈ ഭൂമിയിൽ രാജാവായി ഭരിക്കുമെന്നാണ്. മറ്റു ചിലർ കരുതുന്നത്, അവൻെറ ഭരണം 'നൂറു (100) വർഷം ദീർഘിക്കുമെന്നാണ്.' എന്നാൽ ക്രിസ്തു ഈ ഭൂമിയിൽ ആയിരം വർഷം ഭരണം നടത്തുമെന്നാണ് സത്യക്രിസ്ത്യാനികളായ അനേകരും ഉറച്ചുവിശ്വസിക്കുന്നത്. എന്നാൽ യേശുക്രിസ്തു രാജാധിരാജാവും കർത്താധികർത്താവുമാണെന്നും അവന് അവസാനമില്ല എന്നും ബൈബിൾ നമുക്ക് ഉറപ്പുതരുന്നു. അവൻെറ രാജ്യം എന്നേക്കുമുള്ളതാണ്. അവൻെറ വാക്കുകൾ ശ്രദ്ധിക്കുക; "നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നെ. സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതൽപരനായവൻ എല്ലാം എൻെറ വാക്കു കേൾക്കുന്നു" (യോഹന്നാൻ 18:37).

**മിന്നൽ കിഴക്കു നിന്നും**
**പുറപ്പെട്ടു പടിഞ്ഞാറോളം**
**വിളങ്ങും പോലെ**
**മനുഷ്യപുത്രൻെറ**
**വരവും ആകും**

**(മത്തായി 24:37)**

*******

# ക്രിസ്തുവിൻെറ സ്ഥാനപ്പേരുകളിൽ നിന്നും നിങ്ങൾ എന്താണ് മനസ്സിലാക്കിയത്?

ചില പ്രവാചകന്മാർക്ക് പ്രത്യേക സ്ഥാനപ്പേരുകൾ ഉണ്ട്. അബ്രാഹാം ദൈവത്തിൻെറ സ്നേഹിതനും, മോശെ ദൈവത്തിൻെറ വക്താവും, ക്രിസ്തു ദൈവവചനവും അവനിൽനിന്നുള്ള ആത്മാവും ആകുന്നു. എന്നാൽ സുവിശേഷത്തിൽ വ്യക്തമായ വെളിപ്പാട് ലഭിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ നിന്നും ഇപ്രകാരം ഒരു ശബ്ദം ഉണ്ടായതായി നാം അവിടെ വായിക്കുന്നു. “ഇവൻ എൻെറ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു, ഇവന്നു ചെവികൊടുപ്പിൻ” (മത്തായി 17:5).

“ദൈവപുത്രൻ” എന്നു പറയുന്നതിൻെറ അർത്ഥമെന്താണ്? ഒരു ശിശു സാധാരണയായി അവൻെറ പിതാവിൻെറ അതേരൂപത്തിലാണ് ഉണ്ടാകുന്നത്. അതുപോലെ തന്നെ ദൈവത്തിൻെറ ഗുണലക്ഷണങ്ങൾ എല്ലാം നാം ക്രിസ്തുവിൽ കാണുന്നു. ക്രിസ്തു തൻെറ ശിഷ്യന്മാരോട് ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി; “എന്നെക്കണ്ടവൻ പിതാവിനെക്കണ്ടിരിക്കുന്നു” (യോഹ. 14:9). അതു ശരിയല്ല എന്നും അവൻ ഒരു പ്രവാചകൻ മാത്രമാണെന്നും നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ അവൻെറ കല്പനകളെ നിങ്ങൾ എന്തുകൊണ്ട് അനുസരിക്കുന്നില്ല എന്നാണ് ഞങ്ങൾക്ക് നിങ്ങളോട് ചോദിക്കുവാനുള്ളത്. നിങ്ങൾ വാസ്തവമായി മാനസ്സാന്തരപ്പെടുകയും നിങ്ങളുടെ ചിന്തകളിലും പ്രവൃത്തികളിലും നിങ്ങൾക്കു മാറ്റം സംഭവിക്കുകയും ചെയ്യുന്നില്ല എങ്കിൽ നിങ്ങൾ കുറ്റം വിധിക്കപ്പെട്ടുകഴിഞ്ഞു!



പാപത്തിന് അടിമകളായി തീർന്നവരെ രക്ഷിപ്പാൻ ദൈവത്തിൻെറ ഒരു അടിമയായി ക്രിസ്തു വെളിപ്പെട്ടു എന്നത് ഒരു വലിയ മർമ്മം തന്നെയാണ്. അവൻ വിനീതനായ ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നതിൻെറ ഉദ്ദേശ്യം, യഥാർത്ഥ മനുഷ്യത്വം എന്താണെന്നു നമ്മെ കാണിക്കേണ്ടതിനുവേണ്ടിയാണ്. അതുപോലെ എൻെറ ശക്തിയും മഹത്വവുമല്ല, പ്രത്യുത ക്രിസ്തുവിൻെറ സ്നേഹം മാത്രമാണ് നമ്മെ രക്ഷിക്കുന്നത്. വാളുമേന്തി നടക്കുന്നവൻ ശക്തനാണെന്നു തോന്നിയേക്കാം. എന്നാൽ സ്വയത്തെ ജയിക്കുന്നവനാണ് അതിലും ശക്തിയുള്ളവൻ. പക്ഷേ, അനേകർക്കുവേണ്ടി തൻെറ ജീവനെ മറുവിലയായി ഏൽപ്പിച്ചുകൊടുത്തവനാണ് ഏറ്റവും വലിയവൻ. അതുകൊണ്ടാണ് അപ്പോസ്തലനായ യോഹന്നാൻ ഇപ്രകാരം പറയുന്നത്: “വചനം ജഡമായിത്തീർന്ന്, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. ഞങ്ങൾ അവൻെറ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവൻെറ തേജസ്സായികണ്ടു” (യോഹ. 1:14).

ദൈവം നമ്മുടെ പിതാവാണെന്നും, അവൻ ദയയുള്ളവനും സ്നേഹിക്കുന്നവനും, ക്ഷമിക്കുന്നവനുമാണെന്നും നാം അറിയണം എന്നതാണ് ക്രിസ്തു മനുഷ്യാവതാരം എടുത്തതിൻെറ പരമപ്രധാനമായ ഉദ്ദേശ്യം. അതുപോലെ, അവൻ കീഴടക്കുന്നവനോ, നശിപ്പിക്കുന്നവനോ, ഉദാസീനനോ ആയ വ്യക്തി അല്ലെന്നും നാം ഗ്രഹിക്കണം. അങ്ങനെ ദൈവത്തെക്കുറിച്ചുള്ള ഒരു പുതിയ അറിവ് അവൻ നമുക്കു നൽകി. ദൈവിക ഗുണലക്ഷണങ്ങളെക്കുറിച്ച് ക്രിസ്തു നമ്മെ പഠിപ്പിച്ചു എന്നു മാത്രമല്ല, ദൈവസ്നേഹം എന്തെന്ന് അവൻ നമ്മുടെ മുമ്പാകെ ജീവിച്ചുകാണിക്കുകയും ചെയ്തു. അങ്ങനെ “നിത്യസ്നേഹം” എന്ന പുതിയ യുഗത്തിൻെറ മുദ്രാവാക്യം നമുക്കു ഗ്രഹിക്കുവാനും സാധിക്കുന്നതാണ്.

* * * * * * *

# ക്രിസ്തുവിൻെറ വാഗ്ദാനം സംബന്ധിച്ച് നിങ്ങൾക്കുള്ള പ്രതികരണം എന്ത്?

കരുണാമസൃണമായ നേരിയ ശബ്ദത്തിൽ ദൈവപുത്രൻ നിങ്ങളെ ഇപ്രകാരം വിളിക്കുന്നു; “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എൻെറ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എൻെറ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എൻെറ നുകം മൃദുവും എൻെറ ചുമട് ലഘുവും ആകുന്നു” (മത്തായി 11:28-30).

ക്രിസ്തു തൻെറ ശിഷ്യന്മാരെ ഈ നിലയിൽ വിളിച്ചപ്പോൾ, അവർ അവൻെറ വിളിയിൽ ആശ്രയിച്ചുകൊണ്ട്, തങ്ങൾക്കുള്ള എല്ലാം ഉപേക്ഷിച്ച് അവനെ അനുഗമിച്ചു. അപ്പോൾ അവർ കൂടുതലായി അവനെ മനസ്സിലാക്കി. അങ്ങനെ അവർ അവനിൽ വിശ്വസിച്ച് തങ്ങളുടെ ജീവിതം അവന്നായി സമർപ്പിച്ചു. പിന്നീട് പരിശുദ്ധാത്മാവിനാൽ അവർ നിറയപ്പെട്ടു. ക്രിസ്തു ഇന്നും ജീവിക്കുന്നു. അവൻെറ ശിഷ്യന്മാരിൽ നിന്നുണ്ടായ അതേ പ്രതികരണം അവൻ നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു. നിങ്ങൾ ആ വിളി കേൾക്കുമെങ്കിൽ, നിങ്ങൾ കൂടുതലായി അവനെ അറിയും. അങ്ങനെ അവൻെറ കരുണയ്ക്കായി നിങ്ങളെത്തന്നെ ഭരമേല്പിക്കുക. അതിൻെറ ഫലമായി അവൻ തൻെറ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യും. നിങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും മാറ്റം ഭവിക്കും. പിന്നീട് നിങ്ങൾ സത്യസന്ധത, വിനയം, സ്നേഹം ഇവയുള്ള ഒരു വ്യക്തിയായിത്തീരും. അങ്ങനെ പരിജ്ഞാനത്തെ കവിയുന്ന ദൈവസമാധാനം, നിങ്ങളുടെ ഹൃദയത്തെ നിറച്ച് പരിശുദ്ധമായി സൂക്ഷിക്കും.

*******